(ബി) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുള്ളത് താഴെ പറയും പ്രകാരമാണ്:

1. എലത്തൂർ പഞ്ചായത്ത് : ഒരെണ്ണം
   ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്,
   കൈപ്പുറത്ത് പാലം .. (പി.പി.എസ്.)
2. അത്തോളി പഞ്ചായത്ത് : ഒരെണ്ണം
   കണ്ണിപ്പൊയിൽ .. (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
3. ഉള്ള്യേരി പഞ്ചായത്ത് : 2 എണ്ണം
   കുന്നത്തറ കയർ സൊസൈറ്റി .. 1 (മിനിമം ഗ്യാരന്റി)
   കൂന്നൂർ .. 1 (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
4. ബാലുശ്ശേരി പഞ്ചായത്ത് : ഒരെണ്ണം
   പനാമി .. (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
5. പനങ്ങാട് പഞ്ചായത്ത് : 3 എണ്ണം
   തയ്യിൽ പീടിക .. 1 (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
   കച്ചേരിക്കണ്ടി .. 1 (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
   മണിച്ചേരി .. 1 (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
6. നന്മണ്ട പഞ്ചായത്ത് : 3 എണ്ണം
   നന്മണ്ട ഹൈസ്കൂൾ .. 1 (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)
   നന്മണ്ട 14-ാം മൈൽ .. 1 (മിനിമം ഗ്യാരന്റി)
   കായൽമൂല .. 1 (വോൾട്ടേജ് ഇംപ്രൂവ്മെന്റ്)

## കൊളറ എന്ന പ്രദേശത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന ആവശ്യം

93 [5346] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ കൊളറ എന്ന പ്രദേശത്ത് വിദ്യുച്ഛക്തി കണക്ഷനു വേണ്ടി ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ട്രാൻസ്ഫോർമർ എന്നത്തേയ്ക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ, ബി) കാരശ്ശേരി പഞ്ചായത്തിലെ കൊളറക്കുണ്ട് പ്രദേശത്ത് ശുദ്ധജല വൈദ്യുതീകരണ പദ്ധതിക്കായി ഒരു ട്രാൻസ്ഫോറും മറ്റു അനുബന്ധ സാമഗ്രികളും സ്ഥാപിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ആലപ്പുഴ ജില്ലയിൽ പി. എസ്. സി. തയ്യാറാക്കിയ ഇലക്ട്രിസിറ്റി മസ്ദൂർ റാങ്ക് ലിസ്റ്റ്

94 [5349] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പി. എസ്. സി. തയ്യാറാക്കിയ ഇലക്ട്രിസിറ്റി മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തസ്തികയിൽ എത്രപേർ താൽക്കാലികമായി കെ. എസ്. ഇ. ബി.-യിൽ ജോലി ചെയ്യുന്നു;

(സി) ഇവരെ പിരിച്ചുവിട്ട് പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കാമോ?

### ഉത്തരം

(എ) 53 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 106 പേർക്ക് കൂടി നിയമനം നൽകുവാനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 90 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ആരും ഇല്ല.

(സി) പ്രസക്തമല്ല.

## വൈദ്യുതി ബോർഡിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വന്ന അധികച്ചെലവ്

95 [5351] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
„ ഇ. എം. അഗസ്തി:
„ എൻ. ശക്തൻ:
„ എ. സുജനപാൽ:
„ ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവിന് ആനുപാതികമായി വരവു ലഭിക്കാത്ത വിധത്തിലുള്ള ചെലവോ, പാഴ് ചെലവോ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ബോർഡിന് നഷ്ടമുണ്ടാകാനിടയായിട്ടുണ്ടോ;

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം ചെലവുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാലയളവിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ചെലവിന് ആനുപാതികമായ വരവു ലഭിക്കാത്ത ചെലവുകളോ പാഴ്ചെലവുകളോ ഉണ്ടായിട്ടുള്ളത്;